കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# വ്യവസ്ഥ ഒടുവിൽ വഴങ്ങും

ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ വനം കയ്യേറ്റക്കാരുടെ സ്വതന്ത്രവിഹാരത്തിന് അനുയോജ്യമായ രീതിയിൽ അട്ടിമറിക്കപ്പെടുന്ന ഈ സാഹചര്യത്തിൽ കേരളീയം പുസ്തകശാല പ്രസിദ്ധീകരിച്ച 'ഇക്കോളജി രാഷ്ട്രീയം തന്നെ' എന്ന പുസ്തകത്തിനും അതിലെ ആശയങ്ങൾക്കും വലിയ പ്രസക്തിയുണ്ട്. പ്രസാധകർ സൂചിപ്പിച്ചതുപോലെ കേവല പരിസ്ഥിതിവാദവും പരിസ്ഥിതി രാഷ്ട്രീയവാദവും പരസ്പരം കൂടിച്ചേരാതെ, ഇപ്പോഴും രണ്ടായി നീങ്ങുന്ന കേരളത്തിൽ, ഈ പുസ്തകവായനയ്ക്ക് ഏറെ പ്രാധാന്യമുണ്ട്. ആന്ദ്രെ ഗോർസ് ഇങ്ങനെ എഴുതുന്നു "സാർവത്രിക വോട്ടവകാശത്തിനും ആഴ്ചയിൽ 40 മണിക്കൂർ ജോലിക്കും വേണ്ടിയുള്ള അവകാശവാദം ഉന്നയിക്കപ്പെട്ടപ്പോൾ ഉയർന്നുവന്ന അതേ പ്രതികരണങ്ങൾ തന്നെയാണ് ഇന്ന് പരിസ്ഥിതിവാദവും ഉളവാക്കുന്നത്. അരാജകത്വത്തിലേക്കും യുക്തിരാഹിത്യത്തിലേക്കും നയിക്കുന്ന ഒരട്ടിമറി പ്രവർത്തനമായി വരേണ്യ ഭരണവർഗ്ഗം ആദ്യം അതിനെ കണക്കാക്കും; എന്നാൽ വസ്തുതകളുടെ നിജസ്ഥിതിയും ബഹുജന സമ്മർദ്ദവും അനിഷേധ്യമെന്നു വരുമ്പോൾ വ്യവസ്ഥ (establishment) വഴങ്ങും." ഈ അവസാനം പറഞ്ഞത് തന്നെയാണല്ലോ രാഷ്ട്രീയം. വ്യവസ്ഥിതിയും ഭരണകൂടവും എല്ലാ ജനങ്ങളുമായി ബന്ധപ്പെട്ടതാണ്, ഒരു വിഭാഗത്തിന്റെ സ്വാർത്ഥ താല്പര്യങ്ങൾ എവിടെയൊക്കെ കൈ കടത്തുന്നുവോ അവിടെയൊക്കെ പ്രധിഷേധമുയരും. ഉല്പാദനം പ്രകൃതിവിഭവങ്ങളെ മുച്ചൂടും മുടിക്കുന്നതാവരുത്. അത് സ്വയം വിനാശകരമായി ഭവിക്കും. കേരളത്തിൽ അത് ഇപ്പോഴേ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ വർഷക്കാലത്ത് റെക്കോഡ് മഴ ലഭിച്ച് രണ്ട് മാസം കഴിഞ്ഞില്ല, ഭാരതപുഴയടക്കം നദികളും പാടങ്ങളും വറ്റി വരളാൻ തുടങ്ങിയിരിക്കുന്നു. പക്ഷെ എല്ലാ രാഷ്ട്രീയക്കാരും അടുത്ത പൊതുതെരഞ്ഞെടുപ്പ് സീറ്റ് വിഭജന ചർച്ചയിൽ മുഴുകിയിരിക്കുന്നു. പരിസ്ഥിതിവാദികൾക്ക് ഈയവസ്ഥയിൽ കൈ കെട്ടി നോക്കി നില്ക്കാൻ കഴിയില്ല.

**ഡോ. കെ.ആർ. ആനന്ദൻ, മുളങ്കുന്നത്തുകാവ്**

## കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# പോളിറ്റ്ബ്യൂറോ 15:1 (മാർച്ച് 8 ലോക വനിതാദിനം)

ഒന്നാം സ്വാതന്ത്ര്യ സമരത്തിലെ റാണിലക്ഷ്മിഭായിയുടെ പോരാട്ടചരിത്രമുറങ്ങുന്ന, രണ്ടാം സ്വാതന്ത്ര്യ സമരകാലത്ത് സാഹസികരായി ജീവിതം ഹോമിച്ച ദുർഗ്ഗയുടെയും കമലയുടെയും പാരമ്പര്യമുള്ള ഇന്ത്യയിലെ ഏറ്റവും വലിയൊരു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോയിലെ ആൺ-പെൺ അനുപാതമാണ് തലക്കെട്ട്. ലോക പ്രശസ്ത മാർക്സിസ്റ്റുകളായ റോസ ലക്സംബർഗും ക്രൂഷ്പിയയുമെല്ലാം വിശ്വസിച്ചിരുന്ന പ്രത്യയശാസ്ത്രത്തിന്റെ ഭാഗമാണെന്ന് പറയുന്നവരുടെ സ്ത്രീപക്ഷ സമീപനം. അമ്മദൈവങ്ങളും ഭഗവതിമാരും പരാശക്തി സങ്കല്പ്പവും മുതൽ അക്കമഹാദേവിയും ശാരദദേവിയും വരെ സാധ്യമായ നാട്ടിലാണിത്. പ്രധാനമന്ത്രിയും, പ്രസിഡന്റും, മുഖ്യമന്ത്രിമാരും സ്ത്രീകളായിരുന്ന രാജ്യത്തെ പുരോഗമന പ്രസ്ഥാനങ്ങളുടെ ശോചനീയാവസ്ഥ. മമതയും ജയലളിതയും മായാവതിയും സോണിയയും നിരന്നുനിൽക്കുമ്പോൾ അവിടെ നിർത്താവുന്ന ഒരു വനിത സഖാവിനെ സംഭാവന ചെയ്യാനാകാത്തവർക്ക് എങ്ങിനെയാണ് ഇന്ത്യയിലെ ജനസംഖ്യയിൽ പകുതിയിലേറെ വരുന്ന സ്ത്രീകളുടെ മോചനത്തിനായി പ്രവർത്തിക്കാനാവുക? മന്ദാകിനിയുടെയും അക്കമ്മചെറിയാന്റെയും കേരളത്തിൽനിന്ന് എത്ര നേതാക്കളാണീ 16 പേരിൽ ഉള്ളത്. ബംഗാളിൽനിന്നും ത്രിപുരയിൽ നിന്നുമില്ല, പിന്നെ ഇടിച്ചു കയറിവന്ന വൃന്ദാകാരാട്ടാണ് ആകെയുള്ളത്. വിമല രണദിവെ, ഗോദാവരി പാരുലേക്കർ, സുഭാഷിണി അലി, അപല്യരങ്കനേക്കർ, സരോജിനി ബാലാനന്ദൻ, സുധസുന്ദരരാമൻ, സുശീല ഗോപാലൻ, ശ്യാമിലി ഗുപ്ത, മാലിനി ഭട്ടാചാര്യ, ഗന്മിസംഗ്വാനെ തുടങ്ങിയ ത്യാഗികളായ പെൺപോരാളികളെ പാർട്ടിയുടെ നിർണ്ണായക സ്ഥാനങ്ങളിൽനിന്ന് ഒഴിവാക്കാൻ പുരുഷാധിപത്യം ഏറെപാടുപെട്ടിരിക്കും! 'ബൂർഷ്വാഭരണകൂടം' നിയമനിർമ്മാണം നടത്തി ഭരണത്തിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുന്നത് കാക്കാതെ, പ്രസ്ഥാനത്തിൽ സമത്വം നടപ്പിലാക്കാനുള്ള ചരിത്രപരമായ വെല്ലുവിളി ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾ ഏറ്റെടുക്കുമോ? ചൈനയിലും ഇന്ത്യയിലും പി.ബി. മെമ്പർമാർ അഴിമതി കേസുകളുടെ കരിനിഴലിൽ കഴിയുന്ന കാലത്ത് സ്ത്രൈണതയുടെ മൂല്യങ്ങൾക്ക് മാത്രമെ പ്രസ്ഥാനത്തെ രക്ഷിക്കാൻ കഴിയൂ. അതിനുള്ള ആദ്യ പടിയാകട്ടെ 50 ശതമാനത്തിനുള്ള ശ്രമങ്ങൾ. കേരളത്തിലെ പി.ബി മെമ്പർമാരിൽനിന്ന് അതിനുള്ള മുൻകൈ പ്രതീക്ഷിക്കാമോ? നവസാമൂഹ്യ പ്രസ്ഥാനങ്ങൾ പലതും രാസവളം ഉപേക്ഷിച്ച് കൃഷിയിലേക്ക് തിരിയുമ്പോഴും രാസവളത്തിനും സബ്സിഡിക്കും വേണ്ടി വാദിക്കാനേ പി.ബിക്കാർക്ക് കഴിയുന്നുള്ളൂ. അതുപോലെ ജെൻഡർ ജസ്റ്റിസും ട്രാൻസ് ജെൻഡർ ജസ്റ്റിസും ഉയർത്തുന്നതിൽ പി.ബി. എത്രയോ പിറകിലാണ്. മറ്റുപാർട്ടികളിലും സ്ഥിതിയും തഥൈവ. ദേശീയ കൗൺസിലിലും ഹൈക്കമാണ്ടിലും ദേശീയ നിർവ്വാഹക സമിതിയിലും മീശക്കാരുടെ മേധാവിത്വമാണ്. രാഷ്ട്രീയത്തിലെ ഈ അധാർമ്മികത, പൗരുഷം മാറേണ്ടതുണ്ട്. രാഷ്ട്രീയത്തെ സ്ത്രൈണവൽക്കരിക്കേണ്ടിയിരിക്കുന്നു. "ലോകത്തേയും സമൂഹത്തേയും മാറ്റാൻ ആഗ്രഹിക്കുന്നവർ പ്രഥമവും പ്രധാനവുമായി ചെയ്യേണ്ടത് സ്വയം മാറുകയാണ്" എന്ന ഹോച്ചിമിന്റെ വാക്കുകൾ വിദൂരതയിൽനിന്നു വരുന്നുണ്ട്, കാതുകൊടുക്കാം.